

അലയുന്ന

എം.പി. പ്രതീഷ്

അകലമാണ് ഭാഷയുണ്ടാക്കുന്നത്. പ്രാണന്റെ രണ്ടു കുഞ്ഞറകൾക്കിടയിൽ ഒരു ചെറിയ വിടവുണ്ടായിരുന്നു, അവിടെയാണ് ഭാഷ. ചിലപ്പോൾ കാണാനാവുന്നതും മിക്കപ്പോഴും അദൃശ്യമായിരിക്കുന്നതുമാണ് ആ വിടവ്. ജീവകോശങ്ങളുടെ രണ്ടു ചുമരുകൾക്കും ഇടയിൽ, രണ്ടു പ്രാണികൾക്കിടയിൽ, രണ്ടു സസ്യങ്ങൾക്കിടയിൽ. ചില നേരത്ത് ഒരു പ്രാണിയും ഒരു വൃക്ഷവും, മറ്റു ചിലനേരം ഒരു കല്ലും ചുറ്റിലും വെള്ളവും. അല്ലെങ്കിൽ ഒരു പുഴ, കായ്കൾ. ആ വിടവിലൂടെ ഒരു ശ്വാസം കടന്നുപോവുകയായി. ആ കടന്നുപോക്കിനെ, ശ്വാസത്തെയാണ് നാം ഭാഷ എന്ന് വിളിക്കുന്നത്. ഭാഷ അവിടെ സ്ഥിരമായി പാർക്കുകയില്ല. രണ്ടു പദാർത്ഥങ്ങളും അടുത്തു വരികയും വിട്ടകലുകയും ചെയ്യുന്നതിന് അനുക്രമികമായി ഭാഷയുടെ ശരീരം വിസ്തൃതമാവുകയോ ചുരുങ്ങിപ്പോവുകയോ ചെയ്യുന്നു. രണ്ടു പദാർത്ഥങ്ങളും കലർന്ന് ഒന്നായിത്തീരുമ്പോളാവട്ടെ, ആയിടം തന്നെ മാഞ്ഞുപോകുന്നു. ഭാഷാതീതമാകുന്നു. രണ്ടു ചുണ്ടുകൾക്കിടയിൽ ഭാഷയില്ല. ഇലകൾക്കും സൂര്യനും ഇടയിൽ ഭാഷയില്ല. പുഴവെള്ളത്തിനും മീനുകൾക്കുമിടയിൽ ഭാഷയില്ല. മരിച്ചവർക്കും നഷ്ടപ്പെട്ടുപോയവർക്കും ഇടയിൽ ഭാഷയില്ല. ഭാഷയില്ലാത്ത ഒരു നേരത്തിൽനിന്നാണ് കവിത ഉറവെടുക്കുന്നത്. തൊലിക്കും തൊലിക്കും ഇടയിലെ ഇടയിലായ്മയിൽ, ശ്വാസരാഹിത്യത്തിൽ, വിരലുമായലിൽ. എന്നാൽ കവിതയെ നാം മിക്കപ്പോഴും ഭാഷയിലേക്ക് കൊണ്ടുപോരുന്നു. പരസ്പരം പങ്കിടുന്നു, പകരുന്നു, അടക്കം ചെയ്യുന്നു, മറച്ചുപിടിക്കുന്നു. കവിതയിൽനിന്ന് പ്രാണന്റെ അനക്കം അങ്ങനെ നഷ്ടപ്പെട്ടുപോകുന്നു. അകലങ്ങളും വിടവുകളും നമ്മിൽ മുറിവുണ്ടാക്കുന്നു. ദുഃഖത്തിന്റെ നിഴൽ വീഴുന്നു.

മനുഷ്യരിൽനിന്ന്, സ്ഥലങ്ങളിൽനിന്ന്, നേരങ്ങളിൽനിന്ന്, എല്ലാമെല്ലാം നാം വേർപെട്ടു പോകുമ്പോൾ നമുക്കിടയിൽ ഒരു വിടവുണ്ടാകുമ്പോൾ നമ്മുടെ ഉള്ളം വിങ്ങുന്നു, ഉടലിനു തീപിടിക്കുന്നു. നാം അലയുന്നു, നാം നഷ്ടപ്പെടുന്നു. അകലങ്ങളുടെ ആ ഇരുളിൽ കവിത വളരുന്നു. ഭാഷാതീതമായി, നിശബ്ദതയുടെ ഉള്ളിൽ പൂപ്പലിന്റെ വെളുത്ത വേരുകൾ മണ്ണിലെന്നപോലെ.

— എം പി പ്രതീഷ്

1

നിഴലുകൾ

ഈ കുടത്തിൽനിന്നുണ്ടായി വെള്ളം
കൊണ്ടുള്ള ഭൂമി

രണ്ടു പേജുകൾക്കിടയിൽ സൂചിമുഖിയുടെ ശബ്ദം

ചുവന്ന നൂലിഴ മരങ്ങളെയും പാറക്കൂട്ടത്തെയും കോർക്കുന്നു

എര്ക്ക് പൂക്കുന്നു

എല്ലാ ഗ്രഹങ്ങളിലുമൊരേനാളിലൊരേനേരം

മരിച്ചവയ്ക്കെല്ലാമഴുകുവാനുള്ള നേരം;
കളിമണ്ണിൽക്കുഴച്ച ഉരുവങ്ങൾ ആറുന്ന കാറ്റിൽ

ചുറ്റിവന്ന വാക്ക് കരയ്ക്കഴിച്ചുവച്ച് കുളത്തിലിറങ്ങുന്നു

സന്ധ്യയുടെ നിറം മരങ്ങളെ മരങ്ങളുടെ ഓർമ്മയാക്കുന്നു

മേഘങ്ങൾ കിഴക്കോട്ട് നീങ്ങിമറയുന്നു
അവയുടെ ലിപികൾ കുളത്തിനും വീടിനും മുകളിൽത്തന്നെ
തങ്ങിനിൽക്കുന്നു

മരിച്ചുപോയവർ പുഴയ്ക്കടിയിലെ
ഉരുണ്ട കല്ലുകളിൽ വെയിൽ വീഴുന്നതും തിളങ്ങുന്നതും
നോക്കിനിൽക്കുന്നു

മങ്ങിമങ്ങിവരുന്ന പ്രകാശത്തിൽ സന്ധ്യയിൽ വൃക്ഷങ്ങളുടെ
നിശബ്ദമായ വാക്യങ്ങൾ വായിക്കുന്നു

ഭൂമിയുടെ ഈർപ്പത്തിൽനിന്ന്
ഭൂമിയുണ്ടായിക്കൊണ്ടിരിക്കെ
അകലങ്ങളുടെ ആനന്ദം
നിറഞ്ഞുകൊണ്ടും
ഒഴിഞ്ഞുകൊണ്ടും

എൻറെ ശ്വാസം പാറകളിലും നിഴലുകളിലും പൂപ്പലുകൾ

എത്രകാലവും നോക്കിനിൽക്കുന്നു
കാണാൻ വയ്യാത്ത അതേ പ്രാണിയെ
പുല്ലിനും മരണങ്ങൾക്കും ഇടയിൽ

പെട്ടെന്ന് അദൃശ്യമാകുന്ന ഒരു പാറ്റയാണ് ഞാൻ
വെയിലിൽ വായുവിൽ തിരയുന്ന തിരയുന്ന
രണ്ടു ചിറകുകൾ

കല്ലുകൾക്കും രാത്രികൾക്കും
ഇടയിൽ ഒരു കുട്ടി
ഊഞ്ഞാലിനെ
ഓർമ്മയിലും കുന്നിൻചെരുവിലും
മാറിമാറി മുട്ടിക്കുന്നു

അനന്തതയിൽനിന്ന്
നനഞ്ഞ മണ്ണ് കൊണ്ടുവരുന്ന
മൗനത്തിനായുള്ള ദാഹം മുരളുന്ന ഉടലിൽ

ജനൽപ്പൊളിയുടെ വിടവിൽ
വാവട്ടം കുറഞ്ഞ ഇരുൾ

നക്ഷത്രരാശികൾക്കിടയിൽ പച്ചനിറത്തിന്റെ നിഴൽച്ചാറു വീഴുന്നു

ഈ നീർച്ചുഴിക്കുള്ളിൽ ഇരുളിന്റെ ഇതൾ

സൂര്യപ്രകാശത്തിൽനിന്ന് സസ്യജാലങ്ങൾ ഇരുളുണ്ടാക്കുന്നു
ഇരുളാണു പ്രാണന്ന് ഉരുവ,
മാകൃതി

വെള്ളത്തിന് നിശ്ചലമായിരിക്കാനാവില്ല പുഴവിന്നിഴച്ചിൽ
പാറക്കല്ലുകളിലുണ്ടാക്കുന്ന വിറയൽ
വെള്ളവും നക്ഷത്രവും
നിലയ്ക്കാത്ത
ചെറിയ വലയങ്ങൾ

ഇരുളിലൂടെ ശലഭം നീങ്ങിപ്പോകുന്നു
ഇരുളിൽ നാമതു കാണുകയില്ല
ഇരുളിൽനിന്നതിനെ വേർപെടുത്തുന്ന
യാതൊന്നുമില്ല ഭൂമിയിൽ

പച്ചിലനീരിനായുള്ള ദാഹം
നിദ്രവിട്ടെഴുന്നേൽക്കുമ്പോൾ
ഇളവെയിലിനായുള്ള ദാഹം
ഭ്രമിയുടെ രണ്ടിരട്ടച്ചിറകുകൾ
നിഴലുകൾ മരണാർദ്രമായ
മിന്നലുകൾ തെന്നിവീഴൽ-
ച്ഛായങ്ങൾ

ഇരുളിനുള്ളിൽ വളരുന്ന
പൂപ്പലിന്റെ വെളുത്ത വേരുകൾ
ഊഴിയെപ്പൊതിയുന്നു
ഓരോ വാക്കും
മായ്ക്കുന്നു

ഭാരരഹിതമായ ഭ്രമണം
സൂര്യനേയും ഇലകളെയും മറക്കുന്നു
അകലങ്ങൾ കക്കത്തോടിന്റെ
വരകളിൽ വളരുന്നു

കൽപ്പായൽ അതിൻറെ ഭൂതകാലം
ഓർമിച്ചുകൊണ്ടിരുന്നു
വായുവിലുമീർപ്പത്തിലും
കലർന്ന വാക്കുകൾ

ദുഃഖത്തിന്റെ നേർത്ത പാട
മടക്കിവച്ച തുണിയ്ക്കുള്ളിൽ
ആനന്ദത്തോടെ ഇരുന്നു

കാട്ടുതീയിൽ കിളിക്കൂടുകൾ
വേർപെടുന്ന മേഘങ്ങൾ
ഇരുളിന്റെ കണ്ണാടിയിൽ

നമ്മുടെ പ്രകാശനാളം നമ്മെ
അകലങ്ങളിൽനിന്നും മറച്ചുപിടിക്കുന്നു

വിദൂരമായവയെക്കുറിച്ചു പറയുന്ന
തൊലിയിൽ പറ്റിനിൽക്കുന്നു നിന്റെയീർപ്പം

അനുകമ്പയാലുരുകുന്ന കല്ലുകൾ
ഇരുളിലും തൊട്ടുനോക്കാമുറവുകൾ

ഈ കണ്ണുകൾക്കു പകരം
നനഞ്ഞ പുഴങ്കല്ലുകൾ തരൂ
ഈ വെളിച്ചത്തിന് ചീവീടിന്റെ
മൂർച്ചയുള്ള ആവൃത്തികൾ തരൂ
ഈ വിരലുകൾക്കു പകരം
പന്നലിന്റെ ചുരുളറ്റങ്ങൾ

വെളിച്ചത്തിലായിരുന്ന മരണം
ഇരുളിൽ ഞാൻ എന്നേക്കാൾ അടുത്ത്
നീ തൊട്ടുനോക്കൂ

ഒഴിവിന്റെ ചെറുമുട്ടകൾ
അടുത്തടുത്തായി
ഇലയ്ക്കടിയിൽ

കാൽപ്പാദങ്ങളും കുതിർന്ന ശിഖരങ്ങളും
പരസ്പരം തൊടുന്ന
ഒരേ വിരലുകളുള്ളതുപോലെ

ഒരു ചില്ലയിലിപ്പോഴും തീയ്, അണയാതെ

വേണ്ട, ഉണങ്ങേണ്ട
ഉള്ളങ്കാലിൽ
ഒരു മുറിവ്

കുളത്തിന്റെ വക്കിൽ
ഒരു പുളിമരത്തിന്റെ നിഴൽ കാണാം
അതു വെള്ളത്തിന് അല്പാല്പമായി
ചവർപ്പുരുചി കൊടുത്തു
എല്ലാ നാളിലും ഇലകളുടെയാകൃതി കൊടുത്തു
പ്രേതാവിഷ്ടമായ ഓർമ്മയിൽ
അർത്ഥമറിയാൻ കഴിയാത്ത
വാക്കുകൾ കൊടുത്തു
വെള്ളത്തിൽനിന്നു ഞാൻ
ചൂണ്ടുവിരൽ കൊണ്ട്
പുളിയിലകളുടെ ഭാരം
ഓളമാവാതെയനങ്ങാതെ
ഒപ്പിയൊപ്പിയെടുക്കുന്നു

കുഴിക്കുമ്പോൾ ഭൂമിയ്ക്കടിയിൽനിന്ന്
പഞ്ഞിക്കുട്ടുകൾ ഉയർന്നുവന്നു
ഉറങ്ങുന്ന പൂമ്പാറ്റപ്പുഴുക്കൾ
നൂറുകൊല്ലം മുമ്പ് നഷ്ടപ്പെട്ടുപോയ കളിപ്പാട്ടം മടങ്ങിവന്ന്
കുഞ്ഞിനെത്തിരയുന്നതുപോലെ
പെട്ടെന്നു വയസ്സായ അതേ ദിക്കിലൂടെ
മരങ്ങൾക്കുള്ളിലേയ്ക്കു വഴി
തേടുന്നു

ആദ്യമായി ഭൂമിയെ നിർമ്മിച്ച
അതേ പദാർത്ഥങ്ങൾ കൊണ്ട്
ഒരു പാറ്റയെയുണ്ടാക്കി
അത് തീയിനെ വലംവയ്ക്കുന്നു

ഒരേയൊരു കിളി
കിഴക്കൻ ചെരിവിലേയ്ക്കു
പറക്കുന്നതു കണ്ടു
തൊട്ടു പിറകേ
പതിനാലു കിളിനിഴലുകൾ അതിനെ
പിന്തുടരുന്നതു കണ്ടു

ഇവിടെനിന്ന് കുഴിക്കു
ചുവന്ന പൊടിമണ്ണിൽനിന്ന്
തിളക്കമുള്ള ദുഃഖവും
മങ്ങിയ ലോഹത്തരികളും
പതുക്കെ വേർതിരിക്കൂ

വെള്ളത്തിൽനിന്ന്
തണുത്ത കല്ലുകൾ ശേഖരിക്കുന്നു
മണ്ണിൽ അതുകൊണ്ട്
ചന്ദ്രന്റെ ആകൃതി
കല്ലുകൾ പ്രകാശിക്കുകയും
ഭ്രമിയെച്ചുറ്റാൻ തുടങ്ങുകയും ചെയ്തു

കിളി അതിനിരിക്കാൻ
മരത്തിൽ ഒരു പൊത്ത്
കണ്ടെത്തുന്നു
നടക്കുന്ന വഴിയിൽ
ഞാൻ തുവൽ
ഏകാന്തതയെ ഉടലിൽനിന്നും
വേർപെടുത്തുവാൻ കഴിയുന്ന
ഒരു വരിയും ഈ പുസ്തകത്തിലില്ല

മേഘലങ്ങൾ അകന്നകഴിഞ്ഞും
അവയുടെ നേർത്ത നൂലിഴകൾ
മരുന്നിലും നീരിലും ഒട്ടിപ്പിടിച്ചുകൊണ്ട്
മുറിവിന്നുമീതെ അവശേഷിച്ചു

ഒരു ശീലകൊണ്ടു മൂടിയിരിക്കുന്നു
അദൃശ്യമായിരിക്കുവാൻ ഈ വാക്കുകൾ
എപ്പോഴും ഓർമ്മിച്ചു

ഓരോ ആയലിലും
കിളി തന്നിൽനിന്നു വാർന്നുപോകുന്നു

മാഞ്ഞുകഴിഞ്ഞുമതു പറക്കുന്നു
പുഴയ്ക്കപ്പുറം
മായുന്നു

അടഞ്ഞ ജനൽപ്പൊളികൾക്കിടയിൽ
എത്ര കാലം നാം കാത്തുനിൽക്കും?
മരണമോ പുനർജൻമമോ വരുന്നില്ല
ഉടലിൽനിന്നീച്ചിറകുകൾ വേർപെടുന്നുമില്ല

2

ജപമണികൾ

മുള്ളുകളോടും മണമുള്ള ഇലകളോടും കൂടിയ
നാരകത്തിന്റെ നിഴൽ

ദർഗ്ഗയുടെ മുറ്റത്ത് ഉരുവിടുന്ന

ഈ പ്രാർത്ഥന
വെള്ളത്തിൽനിന്നെടുത്ത പ്രകാശം

മുറിവോടും
ഉണങ്ങിയ ചോരയോടും കൂടിയ

കാൽപാദങ്ങളുടെ ശ്വാസം

ഓരോന്നിലുമോരോന്നിലും
കലർന്നുകലർന്നു മടങ്ങിവന്ന

ചില്ലകളും നാരുകളും
തുന്നിയ ഒരു കൂട്

ഈ താളുകൾക്കിടയിൽ മണ്ണോടുമണ്ണായമർന്നുപോയ
എന്നിൽ

.

3

കൂട്ടുകൾ

നെട്ടൂളാൻ

.

പാതിരയുടെ വിള്ളലിൽ

അദൃശ്യമായ ഈ കൊമ്പുകളിൽ

പത്തു ദിക്കിലും

ആ മൂളൽ വീഴുന്നു

തെക്കൻ ചെരിവിലെ നക്ഷത്രരാശികൾ

ആ വിളിക്ക് മറുപടി കൊടുക്കുന്നു

.

അരിപ്രാവ്

.

എല്ലാ മരങ്ങളിലും തട്ടിച്ചിതറുന്ന ശബ്ദം

ഭൂമി പെട്ടെന്ന് പുരാതനമാകുന്നു

തവിട്ടുനിറം എല്ലായിടത്തും പരക്കുന്നു

മണ്ണിൽ മൃഗത്താരകൾ തെളിയുന്നു

ഗുഹാമുഖത്ത് തീ കൂട്ടി ചുറ്റുമിരിക്കുന്നു

കാതുകൾ ഉണ്ടാവുന്നു

.

ചെമ്പൻ നത്ത്

.

പുലർച്ചയിൽ നനഞ്ഞ കൊമ്പുകൾ

ഇറുകിയ കാൽനഖങ്ങളിൽ തൊട്ടു

പുള്ളി കുത്തിയ തൂവൽ

ഇരുളിനും വെളിച്ചത്തിനുമിടയിൽ

ഭ്രമി ചുറ്റുവാൻ തുടങ്ങി

രണ്ടു കണ്ണുകൾ

അടഞ്ഞും തുറന്നും

നമ്മുടെ വീടുകൾക്കു മുകളിൽ

.

കുളക്കൊക്ക്

.

നെല്ലിനിടയിൽ വട്ടത്തിൽ കുളം

കുളത്തിനടിയിൽ സൂര്യനെച്ചുറ്റുന്ന ഗ്രഹങ്ങൾ

ഗ്രഹണനേരം കുളക്കൊക്ക്

നിഴലിലൂടെ നടന്നു

ഭൂമിയിൽ മൂന്നുദിക്കുള്ള വരകളുണ്ടാക്കി

അവ പാർക്കുന്ന കൂടുകൾ

കരയിൽ അകലങ്ങളുടെ ഓർമ്മയിൽ

അതേ മൗനത്തോടെ നിന്നു

.

നീർക്കാക്ക

.

നീർക്കാക്കകൾ മടങ്ങി

സന്ധ്യയിൽ അവ നീർത്തിയ ചിറകിന്റെ

വിസ്തൃതിയിൽ നാം

രാത്രിയിലേക്ക് വളരാൻ തുടങ്ങി

വെള്ളത്തിലൊന്നു
താഴ്ന്ന
പൊന്തിവന്നു
കുടയുമ്പോൾ

രാത്രിയുടെ ചുണ്ടിൽ പരൽമീൻ

അതിൻറെ മിടിപ്പ്

.

ചെന്തലയൻ കാട്ടുപുള്ള്

.

ഭ്രമി പെട്ടെന്ന് എല്ലാം മറന്നു

പകലും രാവും ഇല്ലാതായി

കാറ്റടങ്ങി

അരണ്ട ഉച്ചയിൽ

താഴെ വന്ന കിളി വറ്റുകളും നനഞ്ഞ കരിയിലകളും കൊത്തി മടങ്ങിപ്പോയി

അതിൻറെ കാൽപ്പാടുകൾ

മറവിയുടെ തൊലിയിൽ ഒട്ടിക്കിടന്നു

.

ചൂളക്കാക്ക

.

ഇരുണ്ട കാടുകൾ അല്പം കൂടി
മനുഷ്യരുടെ അടുത്ത്

നിലത്തിഴയുന്ന പുഴ

ചെറിയ കായ്കൾ

നിഴലുകൾ

പെട്ടെന്ന് മാഞ്ഞുപോകുന്ന

പാറക്കല്ലുകൾക്കുള്ളിലൂടെ വരുന്ന
നീലനിറം

കാലങ്ങൾക്കുള്ളിലൂടെ കടന്നുപോകുന്ന അതിൻറെ ചൂളം

.

ചേരാക്കൊക്കൻ

.

ഒരിക്കലും പൂട്ടാത്ത ചുണ്ട്

ഉയർന്ന മരങ്ങളിൽ കൂടുകൾ

ഞണ്ടിൻമാളങ്ങൾക്ക് പുറത്ത് കാത്തുനിൽക്കുന്നു

നീർത്തടങ്ങളുടെ വാക്കുകൾ അതിനറിയാം

ഈ ചതുപ്പിന്റെ വക്കിൽ

തീരാപ്പകൽ നേരം സൂര്യനെയും

മേഘങ്ങളെയും മറന്നു

.

എർളാടി

.

വീടും മിറ്റവും

തൊടിയും നിഴലും കാണുന്നു

മുട്ടയുടെ വിള്ളലുകൾ കാണുന്നു

തള്ളക്കോഴിയുടെ ഒച്ച കാണുന്നു

ആരും കാണാത്തിടത്ത് അത് പാർത്തു

അതിനു കൂട് എകരത്തിൽ

കൂടിനു താഴെ ഇന്നലെ വിരിഞ്ഞ

കിളിക്കുഞ്ഞുങ്ങളുടെ

പൊടിപൊടിത്തുവലുകൾ

.

ചെമ്പോത്ത്

.

അതിൻറെ കണ്ണുകൾ

നമുക്ക് തരുന്ന കനലുകൾ

നമ്മൾ ഊതിയൂതി തീ കൂട്ടുന്ന

മുളങ്കാടിനുള്ളിലൂടെ അത് തേടി നടക്കുന്ന

കുരുടിപ്പാമ്പുകൾ മറഞ്ഞുനിൽക്കുന്നു

അതിൻറെ കരച്ചിൽ കാറ്റത്ത്

മുളയിലകൾക്കൊപ്പം

ചുറ്റിച്ചുറ്റി ചിതറിത്താഴെവീഴുന്ന

.